LIBRARY ARCHIVES Kerala Legislative Assembly

തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ്

235 (943) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് പി.എൽ.സി. ചേരുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) തോട്ടം തൊഴിലാളികൾക്ക് ശമ്പള വർദ്ധനവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) തോട്ടം തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മിനിമം വേതനം സംബന്ധിച്ച് നിലവിലെ കരാറിന്റെ കാലാവധി 31-12-2014-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ കരാർ ഉണ്ടാക്കി മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ 18-11-2014-ന് ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലെ ചർച്ചകൾ പൂർത്തിയാകുന്ന മുറയ്ക്ക് കമ്മിറ്റി തീരുമാനത്തിന് വിധേയമായി തോട്ടം തൊഴിലാളികളുടെ മിനിമം വേതനം, മിനിമം വേതന നിയമം അനുശാസിക്കുന്ന വിധം പുതുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കുന്നത് സംബന്ധിച്ച ചർച്ചകൾ ബന്ധപ്പെട്ട പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്.

തൊഴിൽ മേഖലയിലെ മിനിമം കൂലി

236 (944) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം വേജസ് പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം കൂലി പുതുക്കി നിശ്ചയിച്ച തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;